## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1066** **10.06.2019-ൽ മറുപടിക്ക്**

**തൊഴിലാളികൾക്ക് പ്രാഥമികസൗകര്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സജി ചെറിയാൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യമേഖലാസ്ഥാപനങ്ങളിലെ വനിതാജീവനക്കാർ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് പ്രാഥമിക സൗകര്യങ്ങൾക്കുപുറമെ ഇരിപ്പിടവും കുടിവെള്ളവും ലഭ്യമാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് നിരീക്ഷിക്കുന്നതിന് വകുപ്പുതലനടപടികൾ സ്വീകരിക്കുന്നുണ്ടോ; | (എ) തൊഴിൽ വകുപ്പിനു കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗം ഈ വിഷയത്തിൽ ആവശ്യമായ പരിശോധനകൾ നടത്തി വരുന്നു. നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാത്തവർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ബി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.